പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

29.01.2019 - ൽ മറുപടിക്ക്.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 522

## ഷൊർണ്ണൂർ മണ്ഡലത്തിൽ വ്യവസായ സമുച്ചയം

| ചോദ്യം<br>ശ്രീ. പി.കെ. ശശി | | മറുപടി<br>ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി). |
|---|---|---|
| ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന വ്യവസായ സമുച്ചയത്തിന്റെ പ്രവൃത്തിയുടെ പുരോഗതിയും നിലവിലെ സ്ഥിതിയും അറിയിക്കാമോ ? | : | ഷൊർണ്ണൂരിൽ ബഹുനില വ്യവസായ സമുച്ചയത്തിനായി 30/12/2016-ലെ ജി.ഒ (സാധാ)1350/2016/ഐഡി പ്രകാരം 21.45 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. നിർവഹണ ഏജൻസിയായി എച്ച്.എൽ.എൽ.-നെ ചുമതലപ്പെടുത്തുകയും വിശദമായ എസ്റ്റിമേറ്റ് സാങ്കേതികാനുമതി കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. സാങ്കേതികാനുമതി കമ്മിറ്റി വ്യവസായ വാണിജ്യ ഡയറക്ടറോട് ആവശ്യകത അപഗ്രഥനം(need analysis) നടത്താൻ നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടർ ആവശ്യകത അപഗ്രഥനം നടത്തുകയും സാങ്കേതികാനുമതി കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർവഹണ ഏജൻസിയോട് നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത ഏജൻസി തയ്യാറാക്കിയ 30.17 കോടി രൂപയുടെ പരിഷ്കരിച്ച എസ്റ്റിമേറ്റ് വ്യവസായ വാണിജ്യ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.

ജക/25/01